ശാസ്ത്രഗീത

കേരള ശാസ്ത്ര സാഹിത്യപരിഷത്ത്

50 പൈസ

ഗ്രാമശാസ്ത്രജാഥ

"ഇന്ത്യ ഗ്രാമങ്ങളിലാണ് ജീവിക്കുന്നതെന്ന്" മഹാത്മജി പറഞ്ഞു. ആ വാചകത്തിന്റെ അർഥം ഉൾക്കൊള്ളാതെ ഇന്നും പലരും അതാവർത്തിക്കുന്നു.

ഗ്രാമങ്ങളിലെ ജനജീവിതം ഇന്നും പ്രശ്നങ്ങൾ നിറഞ്ഞതാണ്: അന്ധവിശ്വാസങ്ങളും അശാസ്ത്രീയതകളും ഇന്നും ഗ്രാമങ്ങളിൽ കൊടികുത്തി വാഴുന്നു.

ഗ്രാമത്തിലെ സ്കൂളിന്റെയും ആശുപത്രിയുടെയുമൊക്കെ സ്ഥിതി പരിശോധിച്ചു നോക്കൂ. ഗ്രാമത്തിലെ കൃഷിയുടെയും വികസന പ്രവർത്തനങ്ങളുടെയുമൊക്കെ സ്ഥിതി നോക്കൂ.

ഗ്രാമീണ വികസനത്തെ ഉദ്ദേശിച്ച് ഏറെ പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുന്നു. പക്ഷെ അവയിൽ ഭൂരിഭാഗവും ഏശേണ്ടിടത്ത് ഏശുന്നില്ല.

കർഷകനും കർഷകത്തൊഴിലാളിയും ചെറുകച്ചവടക്കാരും കൈത്തൊഴിലുകാരും എല്ലാം ഈ പന്തികേടിൽപെട്ട് നട്ടം തിരിയുന്നുണ്ട്.

എന്താണീ പന്തികേടിനുകാരണം? എന്താണിതിന് പരിഹാരം? ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് സ്വന്തം പ്രശ്നങ്ങളെ ശാസ്ത്രീയമായി അപഗ്രഥിക്കാനും അവയ്ക്ക്

ശാസ്ത്രീയമായ പരിഹാരം കണ്ടെത്താനും കഴിഞ്ഞേ പ്രശ്നങ്ങൾക്ക് അറുതി വരൂ.

ആവഴിക്കുള്ള ഒരെളിയ ശ്രമമാണ് ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ഗ്രാമശാസ്ത്ര ജാഥ.

ഗ്രാമീണപ്രശ്നങ്ങളുമായി ഇടപഴകുവാനും അവയ്ക്ക് ശാസ്ത്രീയമായ പരിഹാരം കണ്ടെത്തുന്നതിന് സഹായകമായ മാർഗങ്ങളെക്കുറിച്ച് ചർച്ചചെയ്യുവാനും ഈ ജാഥ ശ്രമിക്കും.

ആധുനിക ശാസ്ത്രസാങ്കേതിക നേട്ടങ്ങളുടെ, ഗ്രാമതലത്തിലുള്ള പ്രസക്തി വിശദീകരിക്കുവാനും ഗ്രാമതലത്തിൽ നടന്നുവരുന്ന ചൂഷണങ്ങളുടെ പൊരുൾ ജനങ്ങളോടൊത്തിരുന്ന് വിശകലനം ചെയ്യുവാനും ഈ ജാഥ ശ്രമിക്കും.

നമ്മുടെ ഗ്രാമങ്ങളിൽ ശാസ്ത്രബോധത്തിന്റേതായ പുതിയൊരു വെളിച്ചം പടർത്തുന്നതിനുള്ള ഈ സംരംഭവുമായി സഹകരിക്കുവാൻ എല്ലാവരോടും അഭ്യർഥിക്കുന്നു.

ജനറൽ സെക്രട്ടറി
ശാസ്ത്രസാഹിത്യ പരിഷത്ത്
പരിഷത്ത്ഭവൻ
തിരുവനന്തപുരം 695001

ജനറൽ കൺവീനർ
ഗ്രാമശാസ്ത്രസമിതി
ശാസ്ത്രസാഹിത്യ പരിഷത്ത്
വാഴയൂർ
രാമനാട്ടുകര

1 ശാസ്ത്രഗീത

ന്യൂട്ടൺ ചൊല്ലി
ഐൻസ്റ്റൈൻ ചൊല്ലി
നല്ലവരായവരെല്ലാം ചൊല്ലി
മാർക്സ് പറഞ്ഞു
ഗാന്ധി പറഞ്ഞു
ജവഹർലാൽ നെഹ്രു പറഞ്ഞു
ശാസ്ത്രം സത്യമാണ്
സത്യം നൻമയാണ്
ശാസ്ത്രം നൻമയാണ്
ശാസ്ത്രം ചലനമാണ്
ചലനം മാററമാണ്
മാററമില്ലാതൊന്നുമില്ല
മാററം ശാശ്വതമാണ്
മാററം അധ്വാനമാണ്
ശാസ്ത്രം അധ്വാനമാണ്
ശാസ്ത്രം അധ്വാനം
അധ്വാനം സമ്പത്ത്
സമ്പത്ത് ജന നൻമക്ക്
ശാസ്ത്രം ജന നൻമക്ക്

ശാസ്ത്രം ആർക്കുവേണ്ടി

ശാസ്ത്രം കൃഷിചെയ്‌വോന്
ശാസ്ത്രം തൊഴിലാളിക്ക്

ശാസ്ത്രം ഗ്രാമങ്ങൾക്ക്
ശാസ്ത്രം ഗ്രാമീണർക്ക്
ശാസ്ത്രം പാവങ്ങൾക്ക്
ശാസ്ത്രം എല്ലാവർക്കും

ശാസ്ത്രം എന്തിനുവേണ്ടി

ശാസ്ത്രം കൃഷിനന്നാക്കാൻ
ശാസ്ത്രം വിളവുണ്ടാക്കാൻ
ശാസ്ത്രം തൊഴിലുണ്ടാക്കാൻ
ശാസ്ത്രം തൊഴിൽ നന്നാക്കാൻ
ശാസ്ത്രം പട്ടിണി മാററാൻ
ശാസ്ത്രം രോഗം മാററാൻ
ശാസ്ത്രം വേദന മാററാൻ
ശാസ്ത്രം മാററങ്ങൾക്ക്
ശാസ്ത്രം ലോകം മാററാൻ
ശാസ്ത്രം സിന്ദാബാദ്

2 കെടാതെ ഞങ്ങൾ സൂക്ഷിക്കും

പിഥഗോറസ്സും ആർക്കിമിഡീസും
നമുക്കു നൽകിയ ദീപശിഖ
വിജ്ഞാനത്തിൻ ദീപശിഖ
തലമുറ തലമുറ കൈമാറി
കെടാതെ ഞങ്ങൾ സൂക്ഷിക്കും
കണാദ പതഞ്ജലി പാണിനിയും
ചരകൻ സുശ്രുത വാഗ്ഭടനും
നമുക്കു നൽകിയ ദീപശിഖ
വിജ്ഞാനത്തിൻ ദീപശിഖ

അജ്ഞാനത്തിൻ കൂരിരുളിൽ
നേർവഴി കാട്ടിയ ദീപശിഖ
തലമുറ തലമുറ കൈമാറി
കെടാതെ ഞങ്ങൾ സൂക്ഷിക്കും
ബ്രൂണോ നൽകിയ ദീപശിഖ
ന്യൂട്ടൺ നൽകിയ ദീപശിഖ
ഡാർവിൻ നൽകിയ ദീപശിഖ
മാർക്സു നൽകിയ ദീപശിഖ
അജ്ഞാനത്തിൻ കൂരിരുളിൽ
നേർവഴി കാട്ടിയ ദീപശിഖ
തലമുറ തലമുറ കൈമാറി
കെടാതെ ഞങ്ങൾ സൂക്ഷിക്കും
ഐൻസ്റ്റീൻ പാവ്ലോവ്
ഹരഗോവിന്ദൻ
കൊളുത്തിയേകിയ ദീപശിഖ
അറിവിൻ മേഖലയോരോന്നും
തെളിച്ചുകാട്ടിയ ദീപശിഖ
വിജ്ഞാനത്തിൻ ദീപശിഖ
തലമുറ തലമുറ കൈമാറി
കെടാതെ ഞങ്ങൾ സൂക്ഷിക്കും

3 വരുന്നു ഞങ്ങൾ മുന്നോട്ട്

കാര്യകാരണ ബോധത്തോടെ
നാടിൻ പ്രശ്നം പഠിക്കുവാൻ
പരിഹാരങ്ങൾ കണ്ടെത്താൻ
വരുന്നു ഞങ്ങൾ മുന്നോട്ട്
ഞങ്ങളിലില്ലാ ജാതി മതങ്ങൾ
ഞങ്ങളിലില്ലാ ഭേദങ്ങൾ
ഞങ്ങളിലുള്ളത് സാഹോദര്യം
ഞങ്ങളുടെ ചോരക്കൊരേ നിറം

4 മോചനമാർഗം അധ്വാനം

വായും വയറും ഓരോന്നെന്നാൽ
നമുക്കു കൈകളു രണ്ടില്ലേ
പട്ടിണിതീർക്കാനുള്ള വഴി
അധ്വാനത്തിൻ നല്ലവഴി
പണിയെത്തിക്കൂ കൈകളിലതിനാൽ
പട്ടിണിയില്ലാതാവട്ടെ
ഒരൊററ മോചന മാർഗം രക്ഷ-
ക്കൊരൊററ മാർഗം അധ്വാനം
വിഭവം കുത്തക കൂടുന്നൂ
തൊഴിലില്ലാത്തവരേറുന്നൂ
ഇവയെക്കൂട്ടിയിണക്കാൻ നമുക്കു
കഴിയില്ലെന്നോ നാട്ടാരേ
കഴിയേണ്ടേ വഴിവേണ്ടേ
ഭരണക്കാരേ ചിന്തിക്കൂ

5 ഏതിനുവേണം മുൻഗണന

അക്ഷരമെഴുതാൻ വായിക്കാൻ
അറിയാത്തോരിവിടേറുമ്പോഴ്
പ്രൈമറി വിദ്യാഭ്യാസത്തിന്നേ
മുൻഗണനാ മുൻഗണനാ
ഗ്രാമീണർക്കും കർഷകനും
മുൻഗണനാ മുൻഗണനാ
അധ്വാനിക്കും ജനതക്കല്ലോ
മുൻഗണനാ മുൻഗണനാ
ദരിദ്രരേഖക്കടിയിലെയമ്പതു
ശതമാനത്തിനു മുൻഗണന

6 ഭരണം പഠനം മലയാളത്തിൽ

നൂററുക്കെഴുപതുപേരും നാട്ടിൽ
അക്ഷരമെഴുതാനറിയാത്തോർ
അവരെ ഭരിക്കാനിംഗ്ലീഷ് വേണോ
ആലോചിക്കൂ നാട്ടാരേ
മലയാളത്തിൽ ഭരിക്കണം
മലയാളത്തിൽ പഠിക്കണം
പള്ളിക്കൂടം കയറും മുമ്പേ
പണിയും തേടി പോയവരേ
അക്ഷരമുള്ളിലുറക്കും മുമ്പേ
പഠനം നിർത്തിയ സോദരരേ
അജ്ഞതയെറിയൂ അറബിക്കടലിൽ
അറിവാണല്ലോ നമ്മുടെ ശക്തി

7 ദാരിദ്ര്യം തുടച്ചുമാററുക

ക്വാഷിയോർക്കർ മറെറങ്ങുണ്ടീ
ഭാരതഭൂമിയിലല്ലാതെ
മരാസ്മസ് മറെറങ്ങുണ്ടീ
'പുണ്യഭൂമി'യിലല്ലാതെ
ഛർദ്യതിസാരം കൊണ്ടു മരിപ്പോ-
രിത്രക്കെവിടുണ്ടിതുപോലെ
ഇവക്കുകാരണമെന്താണെന്നോ?
ദാരിദ്ര്യം ദാരിദ്ര്യം!
പോഷണമില്ലാത്താഹാരം
കടുത്ത പരിസര മാലിന്യം
പാവപ്പെട്ടവരീരോഗത്താൽ
വീണു പിടഞ്ഞു മരിക്കുമ്പോഠം
ആരോഗ്യത്തിൽ പ്രതിരോധത്തിനു
മുൻഗണനാ മുൻഗണനാ
ദാരിദ്ര്യം തുടച്ചുമാററാൻ
മുൻഗണനാ മുൻഗണനാ

8 ഉൽപാദനം വർധിപ്പിക്കുക

വിൽക്കാനുള്ള ചരക്കല്ലിനിമേൽ
വിളയുണ്ടാക്കും കൃഷിഭൂമി
പരമാവധിയുൽപാദനമതിന്നേ
മുൻഗണനാ മുൻഗണനാ
ആരാണിവിടെ കർഷകൻ
അധ്വാനിക്കും തൊഴിലാളി
മഞ്ഞും മഴയും വെയിലും കൊണ്ടീ
മണ്ണിൽ പണിയും തൊഴിലാളി
തൊഴിലാളിക്കു കുടുംബത്തൊഴിലായ്
കൃഷി മാറീടണ മതിനാലേ
വിളയേറീടും ചെലവു കുറഞ്ഞീ
വിലനിലവാരം താണീടും

9 ധൂർത്തു നിർത്തുക

ഹൈവേ ധൂർത്തിനു കാശില്ലിവിടെ
ഗ്രാമ റോഡിനു മുൻഗണന
കാളവണ്ടികൾ സൈക്കിളിനല്ലോ
കാറിനല്ലിനി മുൻഗണന
എല്ലാ കുടിലിലുമോരോ നല്ലൊരു
കക്കൂസുണ്ടായ് തീരട്ടെ
കൊട്ടാരത്തിലെയർക്കണ്ടീഷൻ
പിന്നെ മതി, പിന്നെ മതി
ഉപഭോഗഭ്രാന്തവസാനിപ്പിച്ചി
വിടെ ജനിച്ചോരെല്ലാരും
ഒരുമിച്ചുയരാൻ വളരാൻ പററും
പരിപാടിക്കേ മുൻഗണന
നാടിനുചേരും ടെക്നോളജിയാ–
ണായതിനല്ലോ മുൻഗണന

10 മുന്നോട്ട് മുന്നോട്ട്

കാശുള്ളോർക്കേ സീററുള്ളൂ
കലാലയങ്ങളിലെന്നായി
പകിഡി കൊടുത്തു പഠിക്കാൻ കഴിയാ-
പ്രതിഭകൾ വാററി നശിക്കുന്നു
പകിഡികൊടുത്താലുദ്യോഗം!
പകിഡി കൊടുത്താൽ പദവികളും!
ഇവിടെജനിച്ചോരെല്ലാരും
ഇവിടെത്തന്നെ പുലരേണം
ജനനം യാദൃച്ഛികമാണല്ലോ
ജനിച്ചു പോയതു തെററാണോ?
ലഭിക്കുമെന്നുപറഞ്ഞോരവസര-
സമത്വമെവിടെ നാട്ടാരെ?
ഈ ശാസ്ത്ര വിരുദ്ധ വ്യവസ്ഥിതി
മാററാൻ
ശാസ്ത്രബോധം വളരട്ടെ
തൊഴിലില്ലാത്തോരെല്ലാർക്കും
തൊഴിലുണ്ടായേ മതിയാവൂ
വീടില്ലാത്തോരെല്ലാർക്കും
വീടുണ്ടായേ മതിയാവൂ
പട്ടിണി പററില്ലീനാട്ടിൽ
അജ്ഞത പാടില്ലീനാട്ടിൽ
രോഗം പാടില്ലീനാട്ടിൽ
കുത്തക പററില്ലീനാട്ടിൽ
സമത്വസുന്ദരമൊരുനവലോകം
പടുത്തുയർത്താൻ മുന്നോട്ട്

11 കേരളം വളരുന്നു

വ്യവസായങ്ങൾ വളരട്ടെ
വിഭവം പൊതുവായ് തീരട്ടെ
തൊഴിലെല്ലാർക്കും കിട്ടട്ടെ
പണാധിപത്യം തകരട്ടെ
പശ്ചിമഘട്ടം കേറി മറിഞ്ഞീ-
കൊച്ചു കേരളമുയരട്ടെ

12 പുതിയൊരു ശബ്ദം

കേൾക്കൂ കേൾക്കൂ പുതിയൊരു
ശബ്ദം
ശാസ്ത്രത്തിൻെറ സുചിന്തിത ശബ്ദം
ശാസ്ത്രം സാമൂഹ്യ വിപ്ലവത്തിന്
സമൂഹ വിപ്ലവമകലെ കണ്ടി-
ട്ടെതിർത്തു നിൽക്കും ശക്തികളെ
തലയിലിരുട്ടു ചുമന്നു നടക്കും
പിന്തിരിപ്പൻ ശക്തികളെ
അജ്ഞതയെന്നുമനുഗ്രഹമായി
ക്കരുതിയിരിക്കും കൂട്ടരെ
കേൾക്കൂ കേൾക്കൂ പുതിയൊരു
ശബ്ദം
ശാസ്ത്രത്തിൻെറ ഉശിരൻ ശബ്ദം
ശാസ്ത്രം മാററങ്ങൾക്ക്
ശാസ്ത്രം ലോകം മാററാൻ

13 ചാലിയാറിൻെറ രോദനം

ചാലിയാറൊരു കാളിയാറായി
വാഴക്കാടോ ചുടുകാടായ്
പാഴ്മരുഭൂമികൾ മണ്ണിൽ തീർക്കാ-
നാർക്കാണാർക്കാണധികാരം?
വാഴയൂരും വാഴക്കാട്ടും
വാഴും പാവപ്പെട്ടവരെ
കാണാനറിയാൻ വയ്യേ, മർത്യനു
ഹൃദയംപോലും മരവിച്ചോ
പണമില്ലാത്തോർ പിണമാകുന്നൊരു
ദുഷിച്ചുനാറുമനീതികളെ
തിരുത്തിയെഴുതാൻ പടയണി ചേരൂ
പരിഷത്തിൻെറ കൊടിക്കീഴിൽ
ആറും മലയും മണ്ണും വിണ്ണും
ആർക്കും കുത്തകയല്ലിവിടെ
പരിസര ദൂഷകരാരായാലും

വച്ചുവളർത്താൻ പററില്ല
ഉള്ളവനെന്തും കാട്ടീടാൻ
ഉള്ളിൽതോന്നിയതാടീടാൻ
പററില്ലിനിമേൽ പററില്ലെന്നിതു
വെള്ളരിക്കാപട്ടണമോ
ബിർള തടിക്കാൻ, ബിർളകൊഴുക്കാൻ
വാഴക്കാട് നശിക്കണമോ?
മാറാവ്യാധികളേററി നടക്കും
പുത്തൻതലമുറ വളരണമോ?

14 കാടിൻെറ വിളി

മണ്ണുള്ളേടത്തെങ്ങെങ്ങും
നട്ടുവളർത്തൂ വൃക്ഷങ്ങൾ
കണ്ണെത്തുന്നേടത്തെല്ലാം
വെട്ടു തടുക്കു മരിച്ചാലും
കാടീനാടിനു കേടല്ല
കാടീനാടിന്നീടാണ്
കാടുകൾ വെട്ടിവെളിപ്പിക്കുന്നൊരു
കാടൻമാരുടെ കൈവെട്ടു.

15 മായം മറിമായം

ഉപ്പിൽ മുളകിൽ മരുന്നിൽ, മർത്യന്
വേണ്ടതിലെല്ലാം മായം മായം
ദരിദ്രരേഖക്കടിയിൽ ജീവിത-
മമ്പോ ദുഃഖം മറിമായം
വസ്ത്രം പാർപ്പിടമാരോഗ്യം
വഞ്ചന കാണാത്തിടമില്ല
വിദ്യാഭ്യാസമൊരാഭാസം
നീതിന്യായമതന്യായം
മായം, മാററം, അളവിൽ കുറവ്
വിലയിൽക്കൂടുതൽ, നികുതികളും
കള്ളപ്പരസ്യം, കാലവിളംബം, വെട്ടിപ്പും
അങ്ങനെ തട്ടിപ്പുകളെട്ടുവിധം.